**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4849** **01-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ ടൂറിസം സാധ്യത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ ; | (എ) | മലപ്പുറം ജില്ലയിലെ പുതിയ ടൂറിസം പദ്ധതികളുടെ സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ടൂറിസം പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ടൂറിസം പദ്ധതി നിർദ്ദേശങ്ങളിൽ അവയുടെ ടൂറിസം സാധ്യത പരിശോധിച്ച് സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കു ന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| (സി) | നിരവധി ചരിത്ര സ്മാരകങ്ങളും സാംസ്കാരിക പൈതൃകങ്ങളും കൊണ്ട് സമ്പന്നമായ തിരൂരിൽ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചരിത്ര സ്മാരകങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആവിഷ്കരിക്കുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. സാംസ്കാരിക പൈതൃകങ്ങളെ ഉൾപ്പെടുത്തി മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതി ഇതിനായി ആവിഷ്കരിച്ചതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ